ആയാസരഹിതമായ നെൽകൃഷിക്ക് പറക്കും ഞാറ്

Janayugom 29-09-18, P-09

ഷെറിൻ എ സലാം
കൃഷി ഓഫീസർ
ചിറക്കര, കൊല്ലം
ഫോൺ: 9847070176

നാണ്യവിളകളെ അപേക്ഷിച്ച് മാനുഷിക അദ്ധ്വാനം കൂടുതൽ ആവശ്യമുള്ള കൃഷിയാണ് നെൽകൃഷി. നിലം ഒരുക്കുന്നത് മുതൽ കൊയ്യുന്നത് വരെ വിദഗ്ദ കാർഷിക മുറകൾ അവലംബിക്കേണ്ടതുണ്ട്. എന്നാൽ ഇതിനുവേണ്ട വിദഗ്ധരായ കർഷക തൊഴിലാളികളുടെ ലഭ്യത ഇന്ന് തുലോം കുറവാണ്. സമയബന്ധിതമായി കൃഷിയിറക്കുന്നതിന് വിദഗ്ധ തൊഴിലാളികളെ കിട്ടാത്തതും, ഉയർന്ന കൂലി ചിലവും, നെൽകൃഷിയെ തളർത്തുന്ന പ്രധാന ഘടകങ്ങളാണ്. തുടരെയുള്ള പ്രകൃതിക്ഷോഭങ്ങളും കീടരോഗ ബാധകളും സാമ്പത്തിക നഷ്ടവും കർഷകരെ കൃഷിയിൽ നിന്നും അകറ്റുന്നു. കൂടാതെ യുവജനങ്ങൾ കൃഷിയിലേക്ക് കടന്നുവരാത്തതും നെൽകൃഷിയെ കൂടുതൽ പ്രതിസന്ധിയിലാക്കുന്നു.

ഇന്നത്തെ സാഹചര്യത്തിൽ സുരക്ഷിത ഭക്ഷണമൊരുക്കുന്നതിനും ഭക്ഷ്യസുരക്ഷ കൈവരിക്കുന്നതിനും നെൽ ഉത്പാദനം വർദ്ധിപ്പിച്ചേ മതിയാകൂ. അതിന് നെൽകൃഷി ആയാസ രഹിതമാക്കേണ്ടതും, ചിലവ് കുറയ്ക്കേണ്ടതും കൂടുതൽ കർഷകരെ, യുവാക്കളെ കൃഷിയിലേക്ക് ആകർഷിക്കേണ്ടതും അത്യാവശ്യമാണ്.

ഈ സാഹചര്യത്തിലാണ് പറക്കും ഞാർ അഥവാ പാരഷ്യൂട്ട് കൃഷി പരീക്ഷിച്ചു നോക്കുന്നതിന് ചിറക്കര കൃഷിഭവൻ തീരുമാനിക്കുന്നത് കൊല്ലം ജില്ലയിൽ ചിറക്കര ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ വർഷങ്ങളായി തരിശ് കിടന്ന ഉളിയനാട് ഏലായിൽ കൃഷിഭവന്റെ നേതൃത്വത്തിൽ അക്ഷര ലൈബ്രറിയുടെ സഹകരണത്തോടെ ജയമോഹൻ കുരുക്കളും ലിജിൻ ഘോഷ് എന്ന യുവ കർഷകനും, ബാലവേദി സംഘവും ചേർന്നാണ് പാരഷ്യൂട്ട് കൃഷി ഒരുക്കിയത്. 120 ദിവസം മൂപ്പുള്ള പ്രത്യാശ് എന്നയിനം നെൽവിത്താണ് ഇതിനായി ഉപയോഗിച്ചിട്ടുള്ളത്.

കൃഷിരീതി

പറക്കും ഞാർ കൃഷിക്ക് ഞാറ്റടി പ്രോട്രേകളിലാണ് തയ്യാറാക്കുന്നത്. ഇതിനായി ട്രേകളിൽ വയൽ ചെളിയും ട്രൈക്കോഡർമ (ജൈവ കുമിൾ നാശിനി) ഇട്ട് സമ്പുഷ്ടീകരിച്ച ജൈവ വളവും മൈക്കോറൈസയും ചേർത്ത് നിറക്കുന്നു. പിന്നീട് ജൈവകുമിൾ നാശിനിയിൽ കുതിർത്ത വിത്ത് ഓരോന്ന് വീതം ട്രേകളിൽ പാകുന്നു. നന്നായി നനച്ചതിന് ശേഷം മുളപ്പിക്കുന്നതിനായി വയ്ക്കുന്നു. വിത്ത് മുളച്ച് 15 ദിവസത്തിനകം ഞാർ എറിഞ്ഞു നടുന്നു. (പാരഷ്യൂട്ടിംഗ്)

വെള്ളം ആവശ്യത്തിന് നിയന്ത്രിക്കാൻ കഴിയുന്ന കണ്ടങ്ങളിലാണ് ഇത്തരത്തിലുള്ള കൃഷി മെച്ചപ്പെടുന്നത്. ഇതിനായി നിലം സാധാരണ നെൽകൃഷി ചെയ്യുന്നതു പോലെ ജൈവവളവും കുമ്മായവും ഇട്ട് പൂട്ടി പതം വരുത്തി അരയിഞ്ച് കനത്തിൽ വെള്ളം ക്രമീകരിക്കണം. പിന്നീട് പ്രോട്രേകളിൽ തയ്യാറാക്കിയ ഞാറുകൾ ഓരോന്നായി ആയാസരഹിതമായി വളരെ എളുപ്പത്തിൽ വരമ്പത്ത് നിന്ന് കൊണ്ട് എറിഞ്ഞ് നടുകയോ, നിരതെറ്റാതെ കണ്ടത്തിൽ നിന്ന് കൊണ്ട് തന്നെ ഞാറുകൾ കൃത്യമായ അകലത്തിൽ ഇട്ട് പോവുകയോ ചെയ്യാം.

വയൽ ചെളിയുടെ ഭാരത്തിൽ ഞാറ് പിരുന്ന് പോകാതെ മുട് കുത്തി നിവർന്ന് തന്നെ വീഴുന്ന ഇത്തരത്തിൽ ഓരോ ഞാറായി കണ്ടത്തിൽ വീഴുന്നതിനാൽ ഒറ്റഞാറിന്റെ ഗുണം ആയാസ രഹിതമായി തന്നെ കർഷകന് ലഭിക്കുന്നു. നട്ട് 4–5 ദിവസം വരെ വെള്ളത്തിന്റെ അളവ് നിയന്ത്രിക്കുക. പിന്നീട് വെള്ളം ആവശ്യാനുസരണം കയറ്റുകയും ഇറക്കുകയും ചെയ്യുക. ഇപ്രകാരം ചെയ്യുന്നത് വേരോട്ടം കൂടുതൽ ഫലപ്രദമാക്കുന്നതിനും, മണ്ണിൽ വായു സഞ്ചാരം ലഭിക്കുന്നതിനും, ചിനപ്പുകൾ കൂടുതലായി പൊട്ടുന്നതിനും സഹായിക്കുന്നു.

പറക്കും ഞാറ് മേന്മ

1. ഞാറ്റടി തയ്യാറാക്കുന്നതിന്റെ ചിലവോ ബുദ്ധിമുട്ടോ ഇല്ല.
2. തൈകൾ എളുപ്പത്തിൽ പ്രോട്രേകളിൽ തയ്യാറാക്കാം.
3. വളരെ കുറച്ചു വിത്തേ ആവശ്യമുള്ളൂ. (നിലവിലുള്ള ശുപാർശയുടെ 5%). അൻപത് സെന്റ് സ്ഥലത്തേക്ക് സാധാരണ പറിച്ചുനടീലിന് 16 കിലോ വിത്ത് വേണ്ട സ്ഥാനത്ത് പറക്കും ഞാറ് കൃഷിയാണെങ്കിൽ 750 ഗ്രാം വിത്ത് മതിയാകും.
4. പറിച്ചു നടുന്നതിന്റെ ചിലവ് ഇല്ല.
5. ചെറിയ കണ്ടങ്ങളിൽ കർഷകന് നേരിട്ട് എറിഞ്ഞ് നടാം.
6. വിത്തിന്റെ ചിലവും നടീൽ കൂലിയും വളരെയധികം കുറയ്ക്കുന്നതിനും, നെൽകൃഷി ചിലവ് 25-30% കുറയ്ക്കുന്നതിനും സാധിക്കുന്നു.
7. ഞാറ് 15 ദിവസത്തിനകം നടന്നതുമൂലം ധാരാളം ചിനപ്പുകൾ പൊട്ടുന്നു. വിളവ് കൂടുന്നു.
8. ആയാസരഹിതമായി ഒറ്റഞാർ കൃഷിയുടെ ഗുണവും മികച്ച വിളവും ലഭിക്കുന്നു.
9. ഞാറ് നിന്നുകൊണ്ട് തന്നെ എറിഞ്ഞു നടുന്നതിനാൽ ആയാസരഹിതവും ആനന്ദകരവുമാണ്.
10. ഇത്തരത്തിൽ യുവാക്കളെയും കുട്ടികളെയും കൃഷിയിലേക്ക് ആകർഷിക്കാവുന്നതുമാണ്. (മത്സരങ്ങൾ സംഘടിപ്പിക്കാവുന്നതാണ്.)

കൃഷി ജൈവ രീതിയിലോ, ശുപാർശ പ്രകാശമുള്ള രാസവളം ചേർത്തോ മുന്നോട്ട് കൊണ്ട് പോകാവുന്നതാണ്. ചിറക്കര പഞ്ചായത്തിൽ ജൈവകൃഷിയാണ് അവലംബിച്ചിരിക്കുന്നത്. ഇതിനായി വൃക്ഷായുർവേദ വിധിപ്രകാരം തയ്യാറാക്കിയ ഗുണപജലം രണ്ടാഴ്ച കൂടുമ്പോൾ 5% വീര്യത്തിൽ തളിച്ചു കൊടുക്കുന്നു. കൂടാതെ കീടനിയന്ത്രത്തിനായ ഗോമൂത്ര കീടനാശിനിയും ഉപയോഗിച്ചുവരുന്നു.

ജൈവ വളപ്രയോഗം നെൽകൃഷിക്ക് വളരെ അത്യാവശ്യമാണ്. ചാണകം, തോല്, വേപ്പിൻ പിണ്ണാക്ക് എന്നിവ അഭികാമ്യം. രാസവള പ്രയോഗത്തിന്റെ ഗുണം ലഭിക്കണമെങ്കിൽ ജൈവ വളപ്രയോഗം കൂടിയേ തീരൂ. മണ്ണിന്റെ ഘടന, ജലാംശം, സൂക്ഷ്മ മൂലകങ്ങളുടെ ലഭ്യത എന്നിവയെല്ലാം തന്നെ മണ്ണിലെ ജൈവാംശവുമായി ബന്ധപ്പെട്ടിരിക്കുന്നു. സെന്റിന് 20 കിലോ ജൈവവളം നൽകേണ്ടതാണ്. നിലം ഒരുക്കുന്നതിനോടൊപ്പം തന്നെ ജൈവവളം നൽകേണ്ടതാണ്.

മണ്ണിന്റെ ഘടന മെച്ചപ്പെടുത്തൽ

മണ്ണിന്റെ പുളിപ്പുരസം മാറ്റുന്നതിന് ഒരു സെന്റിന് 1.4 കിലോ എന്ന തോതിൽ കുമ്മായം ചേർക്കേണ്ടതുണ്ട്. പി.എച്ച് മൂല്യം വളരെ കുറയുകയോ കൂടുകയോ ചെയ്താൽ നെൽചെടിയുടെ വേരു വളർച്ചയെ വളരെ സാരമായി ബാഠധിക്കുകയും, വേരോട്ടം കുറഞ്ഞ് ആരോഗ്യം നഷ്ടപ്പെടുന്നതിനും നെൽചെടി മുരടിച്ചു പോകുന്നതിനും കാരണമാകും. കൂടാതെ കുമ്മായത്തിലെ കാത്സ്യം ചെടിയുടെ വളർച്ചയ്ക്ക് അനിവാര്യവുമാണ്. ക്രമമായ പി.എച്ച് മൂല്യം വിവിധ സൂക്ഷ്മ മൂലകങ്ങളും മറ്റും വിളയ്ക്ക് വേരുവഴി ആകീരണം ചെയ്യുന്നതിന് ആവശ്യമാണ്. അമ്ലാംശം കൂടിയ മണ്ണിന് ഫോസ്ഫറസ് ലഭിക്കുകയില്ല. അത് മണ്ണിൽ ഉറച്ചുപോകും. ഇത് ചെടിയുടെ വളർച്ച് മുരടിപ്പിക്കും. കൂടാതെ പുളിപ്പ് കൂടുന്നതിലൂടെ ഇരുമ്പ് അലുമിനിയം എന്നീ മൂലകങ്ങൾ അധികരിക്കുന്നതു മൂലമുള്ള ദോഷഫലങ്ങൾ വിള ആരോഗ്യത്തെയും നെൽകൃഷിയെയും പൊതുവെ സാരമായി ബാധിക്കുകയും ചെയ്യുന്നു. ആദ്യ ഗഡു കുമ്മായം പ്രയോഗം കഴിഞ്ഞ് വെള്ളം കയറ്റി പുളി കഴുകി കളയേണ്ടത് അത്യാവശ്യമാണ്.

വള പ്രയോഗം

വള പ്രയോഗം 3 ഗഡുക്കളായി നൽകാം. മണ്ണു പരിശോധനയുടെ അടിസ്ഥാനത്തിലാണ് വളപ്രയോഗം നടത്തേണ്ടത്. അവസാന പൂട്ടിനൊപ്പമോ, നടുന്നതിന്റെ അന്നോ രാസവളം ആദ്യ ഗഡു നൽകാം. വള പ്രയോഗം നെൽ വിത്തിന്റെ ഇനം മൂപ്പ് എന്നിവയാണ് അനുസൃതമായാണ് പ്രയോഗിക്കേണ്ടത്. അമിതമായ രാസവള പ്രയോഗം ഗുണത്തേക്കാളേറെ ദോഷഫലങ്ങൾ വിളിച്ചുവരുത്തുന്നു. അമിതമായ നൈട്രജൻ വളങ്ങളുടെ ഉപയോഗം ഓലചുരുട്ടി പുഴു, ഇലപുള്ളി രോഗം എന്നിവ വിളിച്ചുവരുത്തുന്നു. കൂടാതെ നെൽചെടി മറിഞ്ഞു പോകുന്നതിനും ഇടവരുത്തുന്നു. നേർവള പ്രയോഗമാണ് ഉത്തമം.

ഫോസ്ഫറസ് വളം പൂർണ്ണമായും അടിവളമായി നൽകാം. യൂറിയ വളമായി നൽകുന്നതെങ്കിൽ മൂന്നിലൊന്നും പൊട്ടാഷ് രണ്ടിലൊന്നും അടിവളമായി നൽകാം. മേൽവളമായി മൂന്നിലൊന്ന് യൂറിയ ഒരു മാസത്തിന് ശേഷവും ബാക്കി മൂന്നിലൊന്ന് യൂറിയയും പകുതി പൊട്ടാഷും അടിക്കണ്ണ പ്രായത്തിൽ നൽകാം. രാസവളങ്ങൾ പൊതുവേ മേൽപറഞ്ഞ രീതിയിൽ ആണ് പ്രയോഗിക്കേണ്ടതെങ്കിലും കൂടുതൽ തവണളായി പ്രയോഗിക്കുന്നത് വളങ്ങൾ ആകിരണം ചെയ്യുന്നുത് കൂടുതൽ ഫലപ്രദമായി നടക്കുന്നതിനും വളം നഷ്ടപ്പെടുത്തുന്നത് ഒഴിവാക്കുന്നതിനും സഹായിക്കുന്നു.

നെൽകൃഷിയെ സാരമായി ബാധിക്കുകയും വിളവ് കുറയ്ക്കുകയും, ഉത്പാദന ചെലവ് കൂടുകയും ചെയ്യുന്നതിൽ കളകൾക്ക് പ്രധാന പങ്കുണ്ട്. കളകൾ നിയന്ത്രിച്ചില്ലെങ്കിൽ ഏറ്റവും കുറഞ്ഞത് 30 ശതമാനം വിളനഷ്ടം ഉണ്ടാകാൻ സാധ്യതയുണ്ട്. കള നിയന്ത്രണത്തിനായി കൃഷിയിൽ 3 ചാലെങ്കിലും പൂട്ടേണ്ടത് അത്യാവശ്യമാണ്. കവട, വരിനെല്ല്, നാഗപോള പോലുള്ള കളകൾ നിയന്ത്രിക്കുന്നതിന് മേൽ പറഞ്ഞതുപോലെ ജൈവവളവും കുമ്മായ പ്രയോഗവും നടത്തി മണ്ണിലെ കളവിത്തുകൾ മുളയ്ക്കുന്നതിനുള്ള അവസരം നൽകണം. ശേഷം വെള്ളം കയറ്റി 4-5 ദിവസം നിർത്തുക. ഇത് മുളച്ച് കളകൾ അഴുകി നശിക്കുന്നതിന് അവസരം ഒരുക്കുന്നു.

നട്ട് ഒരു മാസത്തിനകം കളനിയന്ത്രണം നടത്തേണ്ടതാണ്. നെൽകൃഷിക്ക് ഒപ്പം പയർ കൃഷി നടത്തുന്നതും കളനിയന്ത്രണത്തിനും, ജൈവവള ലഭ്യതയ്ക്കും സഹായകരമാണ്. ഞാറ് നട്ടതിന് ശേഷം അസോള വിത്ത് പാകുന്നത്, കള നിയന്ത്രണത്തോടൊപ്പം മണ്ണിൽ നൈട്രജൻ വള ലഭ്യതയും ജൈവവള ലഭ്യതയും ഉറപ്പ് വരുത്തുന്നു. അസോള വിത്ത് പാകി വെള്ളം കയറ്റിയാൽ 10-15 ദിവസത്തിനകം കണ്ടം മുഴുവൻ അസോള വ്യാപിക്കുന്നു. നെൽചെടി ചിനപ്പ് പൊട്ടി കണ്ടം നിറയുന്നത് വരെ കളനിയന്ത്രണത്തിന് അസോള കൃഷി പ്രയോജനപ്പെടുത്താവുന്നതാണ്. കളനാശിനി പ്രയോഗം പൂർണ്ണമായും കൃഷിഭവന്റെ നിർദ്ദേശാനുസരണവും കളയുടെ തരം അനുസരിച്ചും നടത്തേണ്ടതാണ്.

ജലനിയന്ത്രണം

പറക്കും ഞാറ് കൃഷിയിലെ മികച്ച വിളവിന് ജലസേചനം പോലെ തന്നെ ജലനിയന്ത്രണവും വളരെയേറെ പങ്ക് വഹിക്കുന്നുണ്ട്. ആവശ്യാനുസരണം കണ്ടത്തിൽ വെള്ളം കയറ്റുന്നതിനും ഇറക്കുന്നതിനും തോടുകൾ, ചാലുകൾ തെളിക്കേണ്ടത് അത്യാവശ്യമാണ്. നട്ട് 3-4 ദിവസത്തിന് ശേഷം 2 ഇഞ്ച് വരെ ജലം വർദ്ധിപ്പിക്കാം. ജലം കെട്ടി നിർത്തുന്നതിനും പകരം വെള്ളം കയറി ഇറങ്ങി പോകുന്നത് വേരുകളിൽ വായുസഞ്ചാരം ലഭിക്കുന്നതിനും ധാരാളം ചിനപ്പുകൾ പൊട്ടുന്നതിനും സഹായിക്കുന്നു. കളനിയന്ത്രണത്തിനും രാസവള പ്രയോഗത്തിനും മുൻപ് വെള്ളം ഇറക്കി വിടേണ്ടതും ഒന്ന് രണ്ട് ദിവസത്തിനു ശേഷം കയറ്റേണ്ടതുമാണ്. നെല്ല് പൂത്ത് പാലുറക്കുന്നതിനും പഴുത്ത് കതിരാകുന്നതിനും വെള്ളം കുറച്ച് കൊണ്ടുവരേണ്ടതാണ്. നെൽകൃഷിയുടെ വിജയത്തിന് ജലനിയന്ത്രണം വളരെ പ്രധാനമാണ്. ആയതിനാൽ തോടുകളിലെ കളനിയന്ത്രണവും വളരെ പ്രധാനമാണ്.

പറക്കും ഞാറ് കൃഷിയിൽ വിത്തിന്റെ ചിലവും നടീൽ കൂലിയുമാണ് പ്രധാനമായും കുറയ്ക്കുന്നത്. ട്രേകളിലെ വിത്തിടീലിനും പാരഷ്യൂട്ടിംഗിനും കുട്ടികളെയും യുവാക്കളെയും ഉൾപ്പെടുത്തി നെൽകൃഷി ആകർഷകവും, ആയാസരഹിതവും, ആനന്ദകരവും, ചിലവ് കുറച്ചും നടപ്പാക്കാവുന്നതാണ്.

പറക്കും ഞാറ് കൃഷിയിൽ വളർച്ചയുടെ വിവിധ ഘട്ടങ്ങൾ